# ഇന്ത്യ മന്തു രോഗത്തിന്റെ പിടിയിൽ

- 15 സംസ്ഥാനങ്ങളിൽ 25 മില്ല്യൻ ജനങ്ങളിൽ ഈ അസുഖം ബാധിച്ചിട്ടുണ്ട്.
- ഇന്ത്യയിൽ തീരപ്രദേശങ്ങളിലും ബീഹാറിലുമാണ് ഏറ്റവും കൂടുതൽ ഈ രോഗം കാണപ്പെടുന്നത്.
- 10 മില്ല്യനിൽ അധികം ജനങ്ങൾ ഈ രോഗത്തിനായി വർഷം തോറും 30 മില്ല്യനിൽ അധികം അമേരിക്കൻ ഡോളർ ചെലവാക്കുന്നുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.
- ഗ്രാമപ്രദേശങ്ങളിലുള്ള രോഗികളിൽ അവരുടെ സമ്പാദ്യത്തിന്റെ ഭൂരിഭാഗവും ഈ അസുഖത്തിന്റെ ചികിത്സയ്ക്കായി ഉപയോഗിക്കുന്നു. ഈ വകയിൽ വർഷത്തിൽ 68 ദിവസം ജോലി നഷ്ടപ്പെടുന്നതായിട്ടും കാണുന്നു.
- രാജ്യത്തിന്റെ ഉത്പാദനശേഷി വർഷത്തിൽ ഒരു ബില്ല്യൻ ഡോളർ നഷ്ടപ്പെടുന്നതായിട്ട് മനസ്സിലാക്കുന്നു.



# എന്താണ് ലിംഫറ്റിക് ഫൈലേറിയാസിസ്

ലിംഫറ്റിക് ഫൈലേറിയാസിസ് (മന്ത്) എന്നു പറയുന്നത് പൂർണ്ണമായി സുഖപ്പെടാത്ത അസുഖമാണ്. കൂടുതലായി ബാധിക്കുന്നത് കാലിലും വൃഷ്ണത്തിലുമാണ്. ഇതു മൂലം രോഗം ബാധിച്ച ഭാഗത്തിനുണ്ടാകുന്ന അസാധാരണമായ വീക്കം, ശരീരത്തിനുണ്ടാക്കുന്ന വൈകല്യം എന്നിവയാണ് ഈ രോഗത്തിന്റെ പ്രത്യേകത. രോഗം ബാധിക്കുന്ന കാൽ ആനയുടെ കാലിനോട് സാമ്യം വരുന്നതുകൊണ്ട് ഈ രോഗം ആനക്കാൽ എന്നും അറിയപ്പെടുന്നു. അംഗവൈകല്യം ഉണ്ടാകുന്ന നാലാമത്തെ രോഗമാണ് ഫൈലേറിയാസിസ് എന്നാണ് WHO യുടെ അഭിപ്രായം. ലോകത്ത് ഇതുവരെ ഈ രോഗത്തെകുറിച്ച് പഠിച്ചതായിട്ടു കാണുന്നില്ല. അതുകൊണ്ട് തന്നെ ഈ രോഗത്തെ തീർത്തും അവഗണിച്ചിരിക്കുന്നു. രോഗം ബാധിച്ച ഭാഗത്തെ വീക്കം കുറയുന്നതിന് ഒരു ചികിത്സയും നാളിതുവരെയും ലഭ്യമല്ല.

# ഞങ്ങളുടെ പരിശ്രമങ്ങൾ

ഫൈലേറിയാസിസ് (മന്ത്) / ലിംഫഡിമ, വെള്ളപാണ്ട്, സോറിയാസിസ്, ലൈക്കംപ്ലാനസ്, വ്യണ ചികിത്സ എന്നിങ്ങനെസമൂഹത്തിൽനിന്നും അവഗണിക്കപ്പെടുന്ന ത്വക്ക് രോഗക്കൾക്ക് വേണ്ടി അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, യോഗ എന്നിങ്ങനെയുള്ള പാരമ്പര്യ ചികിത്സാ രീതികൾ സംയോജിച്ചിച്ചുകൊണ്ടുള്ള ചികിത്സാ സമ്പ്രദായമാണ് ഇവിടെ ഉപയോഗിച്ചുവരുന്നത്. ഭാരതത്തിന്റെ പരമ്പരാഗത ആശയമായ ഗൃഹോപചാര (സ്വയംസഹായ ചികിത്സ) എന്നതാണ് സംയോജിത ചികിത്സയുടെ മുഖ്യ ആശയം ആയതിനാൽ സംയോജിത ചികിത്സരീതി രോഗികളെയും കുടുംബാഗങ്ങളെയും പരിശീലിപ്പിച്ച് വീട്ടിൽ സ്വയം ചെയ്യാനായി പ്രാപ്തരാക്കുന്നു.



ആയുർവേദ മരുന്നും സ്വയം സഹായ ചികിത്സാ മുറകളും

**ഈ കാലഘട്ടത്തിലെ ബയോമെഡിക്കൽ ചികിത്സാ രീതികൾക്ക് പകരംവെയ്ക്കാനായി ഐ.എ.ഡി. വികസിപ്പിച്ചെടുത്ത സംയോജിത ചികിത്സാ രീതിയും, ആയുർവേദ മരുന്നുകളും സ്വയം സഹായ ചികിത്സാ മുറകളായ യോഗ, മുതലായവ പ്രയോജനപ്പെടുത്തുന്നു.**

## നേട്ടങ്ങൾ

**2004–10 വർഷത്തിൽ ഐ.എ.ഡി.യിൽ ചികിത്സയ്ക്കെത്തിയ 800 –റോളം ഫൈലേറിയാസിസ് (മന്ത്)/ലിംഫഡിമരോഗികളുടെ കാലിന്റെ വലുപ്പം ആറു മാസത്തെ ചികിത്സകൊണ്ട് 50–70 ശതമാനം വരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.**

ചികിത്സയ്ക്ക് മുമ്പ് | ചികിത്സയ്ക്ക് ശേഷം



എന്റെ പേര് സയ്യിദ് മുഹമ്മദ്, വീട് വയനാട് ജില്ലയിലാണ്. അച്ഛൻ കൂലിപ്പണി ചെയ്താണു കുടുംബം പുലർത്തിയിരുന്നത്. അച്ഛനു സുഖമില്ലാതായപ്പോൾ ഉപജീവനത്തിനായി ഞാൻ ഒരു ചായക്കട തുടങ്ങി. അങ്ങനെ കുറെക്കാലം നിന്നു ജോലി ചെയ്യുന്നതിനിടെ എപ്പോഴോ എന്റെ കാലിനു ചെറിയ വീക്കം കണ്ടുതുടങ്ങി. ഇടയ്ക്കിടെ വിറയലോടുകൂടിയ പനിയും, കാലിനു വേദനയും ഉണ്ടാകുവാൻ തുടങ്ങി. അങ്ങനെ വീക്കവും കൂടി വന്നുകൊണ്ടിരുന്നു. എന്റെ അസുഖവിവരം മറച്ചുവെച്ചു കൊണ്ടാണു ഞാൻ വിവാഹിതനായത്. പിന്നീട് ഭാര്യ ഗർഭിണിയായപ്പോൾ എന്റെ മനസ്സിൽ പേടിയായി തുടങ്ങി. എന്റെ അസുഖം ഞങ്ങളുടെ കുഞ്ഞിനെ ബാധിക്കുമോയെന്ന്. ആ ഭയം എന്റെ ഉള്ളിൽ കൂടി വന്നു. ഗർഭത്തിൽ കുഞ്ഞിനു 2-3 മാസത്തെ വളർച്ചയായപ്പോൾ ഗർഭരക്ഷയ്ക്കുള്ള മരുന്നു എന്ന വ്യാജേന, കുഞ്ഞിനെ ഗർഭച്ഛിദ്രം ചെയ്യുന്നതിനായുള്ള പച്ചമരുന്നു ഞാൻ ഭാര്യയെ കഴിപ്പിച്ചു. അങ്ങനെ 6 തവണ അവൾ ഗർഭിണിയായപ്പോഴും ഞാൻ ഇതു തന്നെ ചെയ്തു. ഇതിനിടയ്ക്ക് എന്റെ രോഗാവസ്ഥ മൂർച്ഛിച്ചു വന്നുകൊണ്ടിരുന്നു. ഒടുവിൽ ഭാര്യയോടു അസുഖത്തെപ്പറ്റി പറയാതെ നിവർത്തിയില്ല എന്ന ഘട്ടത്തിൽ അസുഖവിവരം തുറന്നു പറഞ്ഞു. അങ്ങനെയിരിക്കുമ്പോഴാണ് ഐ.എ.ഡിയെക്കുറിച്ച് അറിയുന്നതും അവിടേയ്ക്ക് ചികിത്സയ്ക്കു വേണ്ടി വരുന്നതും. ചികിത്സ ആരംഭിച്ച് പത്തുദിവസത്തിനുള്ളിൽ തന്നെ എന്റെ അസുഖത്തിനു കാര്യമായ മാറ്റം കണ്ടുതുടങ്ങി. കാലിന്റെ വീക്കവും ഇടയ്ക്കിടയ്ക്കുള്ള പനിയും എല്ലാം കുറഞ്ഞു. ഈ ഘട്ടത്തിൽ എന്റെ അസുഖത്തിനു കുറവുണ്ടാകും എന്ന് എനിക്ക് പൂർണ്ണ വിശ്വാസം കൈവന്നു. അതുപോലെ തന്നെ ഈ രോഗം എന്റെ കുഞ്ഞിലേയ്ക്കു പകരും എന്നുള്ളത് എന്റെ മിഥ്യാധാരണയായിരുന്നുവെന്നും എനിക്ക് ബോദ്ധ്യപ്പെട്ടു. അപ്പോഴാണു ഞാൻ എന്റെ ഭാര്യയോട് ചെയ്ത പ്രവൃത്തിയുടെ തെറ്റ് എനിക്ക് മനസ്സിലായത്. അതു എന്നെ മാനസികമായി ഒരുപാടു തളർത്തി. ഒടുവിൽ ഞാൻ ഭാര്യയോട് തുറന്നു പറഞ്ഞുകൊണ്ട് മാപ്പപേക്ഷിച്ചു. അങ്ങനെ 14 ദിവസത്തെ ചികിത്സയ്ക്കുശേഷം ഞാനും ഭാര്യയും മടങ്ങിപ്പോയി. പിന്നീട് മൂന്നു മാസത്തിനുശേഷം തുടർചികിത്സയ്ക്കായി ഐ.എ.ഡിയിൽ എത്തുമ്പോൾ ഞാൻ പൂർണ്ണമായും സന്തോഷവാനായിരുന്നു. കാരണം അപ്പോൾ എന്റെ ഭാര്യ രണ്ടുമാസം ഗർഭിണിയായിരുന്നു. അങ്ങനെ ഒരു പുതിയ ജീവിതം ഞങ്ങൾ പ്രധാനം ചെയ്ത സർവ്വേശ്വരനോടും ഐ.എ.ഡിയിൽ എന്നെ ചികിത്സിക്കുകയും പരിചരിക്കുകയും ചെയ്ത എല്ലാവരോടും ഞാൻ എന്റെയും കുടുംബത്തിന്റെയും തീർത്താൽ തീരാത്ത കടപ്പാടും നന്ദിയും പ്രകടിപ്പിച്ചു കൊള്ളുന്നു.



***ത്വക്ക് രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സ കണ്ടുപിടിച്ച ഐ.എ.ഡി.യെപ്പോലെ ഒരു സ്ഥാപനം ലോകത്ത് വേറൊന്നില്ല. ത്വക്ക്രോഗ ചികിത്സയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡെർമറ്റോളജി പുതിയ മാനങ്ങൾ കൈയെത്തിപിടിച്ച് കൊണ്ടിരിക്കുകയാണ്.***

**Dr. Terence J Ryan**
(ത്വക്ക്രോഗ വിദഗ്ദ്ധൻ).




*വിവിധ ദിനപത്രങ്ങളിൽ ഐ.എ.ഡി.യെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. വിവിധ ശാഖകളിലുള്ള മരുന്നുകൾ സംയോജിപ്പിച്ച് നൽകുന്ന ചികിത്സ എല്ലാ വിഭാഗം രോഗങ്ങൾക്കും ലഭ്യമാക്കണം. വിവിധ ശാഖകളിലുള്ള ഡോക്ടർമാർ (ആയുർവേദം, അലോപ്പതി, ഹോമിയോപ്പതി) യോജിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഇത് നടക്കുകയുള്ളൂ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡെർമറ്റോളജിയിലെ വിദഗ്ദ്ധ ഡോക്ടർമാർ ഇതിനൊരു മാതൃക ആയിരിക്കുന്നു. സർക്കാരും ചരിത്രകാരൻമാരും ഈ പ്രസ്ഥാനത്തിന് ആവശ്യമായ പിന്തുണ നൽകേണ്ടതാണ്.*

കോയമ്പത്തൂർകാരനായ 82 വയസ്സുള്ള രാജേന്ദ്രൻ ഇങ്ങനെപറയുന്നു. കഴിഞ്ഞ 44 വർഷങ്ങളായി ആനക്കാൽ രോഗവുമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്ന എനിക്ക് ഐ.എ.ഡി. എന്ന ചെറിയ സ്ഥാപനത്തിലെ കുറഞ്ഞ കാലത്തെ ചികിത്സകൊണ്ട് രോഗം ഭേദപ്പെടുവാനും സന്തോഷത്തോടെ ജീവിക്കുവാനും സാധിച്ചു. ഇതിന് എനിയ്ക്ക് ഐ.എ.ഡി. യിലെ ഡോക്ടർമാരോടും മറ്റ് ജീവനക്കാരോടും വളരെയധികം നന്ദി ഉണ്ട്.